(സി) ഇവർ ഏതെല്ലാം പാർട്ടികളിൽപ്പെട്ടവരാണ് ;

(ഡി) ഇവരുടെ മരണത്തിന് കാരണക്കാരായ എതിർ പാർട്ടികൾ ഏതെല്ലാം ?

ഉത്തരം

(എ-ഡി) മൂന്നു പേർ മരണമടഞ്ഞതുൾപ്പെടെ 149 കേസുകളുണ്ടായിട്ടുണ്ട്. കേസന്വേഷണം നടന്നുവരികയാണ്.

വിഗ്രഹ ധ്വംസനം

147 (148) ശ്രീ. കെ. സുധാകരൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ എത്ര ഗുരുദേവ മന്ദിരങ്ങൾ തകർക്കപ്പെട്ടു ;

(ബി) എത്ര ഗുരുദേവവിഗ്രഹങ്ങൾ ധ്വംസിക്കപ്പെട്ടു ;

(സി) എസ്.എൻ.ഡി.പി.യുടെ ആസ്ഥാനത്തുണ്ടായിരുന്ന ഗുരുദേവമന്ദിരവും വിഗ്രഹവും തകർക്കപ്പെട്ടതെന്നാണ് ;

(ഡി) അതിനെ തുടർന്ന് എവിടെയെല്ലാം ഗുരുദേവ മന്ദിരങ്ങൾ തകർക്കപ്പെട്ടെന്നും എവിടെയെല്ലാം ഗുരുദേവ പ്രതിമകൾ ധ്വംസിക്കപ്പെട്ടുവെന്നും പറയുമോ ;

(ഇ) ഈ സംഭവങ്ങൾ സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്തുവോ ;

(ജി) ഈ ഗുരുദേവ മന്ദിരങ്ങൾ തകർക്കുകയും വിഗ്രഹങ്ങൾ ധ്വംസിക്കപ്പെടുകയും ചെയ്തതിന്റെ ഫലമായി എന്തു നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു ;

(എച്ച്) ഈ നഷ്ടത്തിൽ എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ&ബി) ഗുരുമന്ദിരങ്ങൾക്കും ഗുരുദേവ വിഗ്രഹങ്ങൾക്കും നേരെയുണ്ടായ അക്രമങ്ങൾക്കെതിരെ 23 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 1-2-2000-ന് രാത്രി 1 മണിക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

1. നെയ്യാറ്റിൻകര
2. ബാലരാമപുരം പി.എസ്. അതിർത്തിയിൽ കട്ടച്ചൽകുഴി
3. പൂന്തുറ പി.എസ്. അതിർത്തിയിൽ മുട്ടത്തറ
4. കരുനാഗപ്പള്ളി പി.എസ്. അതിർത്തിയിൽ കൊച്ചുമാമൂട്
5. കൊല്ലത്ത് ഉളിയകോവിൽ
6. കൊല്ലത്ത് വൈദ്യശാല മുക്ക്
7. പാരിപ്പള്ളി പി.എസ്. അതിർത്തിയിൽ കല്ലുവാതുക്കൽ
8. അടൂർ പി.എസ്. അതിർത്തിയിൽ പൂത്താക്കര
9. ആറന്മുള പി.എസ്. അതിർത്തിയിൽ വെള്ളന
10. മുഹമ്മ പി. എസ്. അതിർത്തിയിൽ വളവനാട്, പാതിരാമണൽ
11. ചെങ്ങന്നൂർ പി.എസ്. അതിർത്തിയിൽ ചെങ്ങന്നൂർ ടൗൺ
12. പനങ്ങാട് പി. എസ്. അതിർത്തിയിൽ നെട്ടൂർ ജംഗ്ഷൻ

(ഇ) 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) ഏഴു കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആറ് കേസുകളിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

(ജി) മൊത്തം 56750 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(എച്ച്) ധനസഹായം നൽകിയിട്ടില്ല. അതിനായി യാതൊരുവിധ അപേക്ഷയും സർക്കാരിന് ലഭിച്ചിട്ടില്ല.

ദേവാലയ മോഷണങ്ങൾ

148 (150) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ദേവാലയ മോഷണങ്ങൾ നടന്നു ;

(ബി) ഇതിൽ ക്ഷേത്രങ്ങളിലും പള്ളികളിലും മോസ്കുകളിലും മറ്റുമതസ്ഥരുടെ ദേവാലയങ്ങളിലും എത്ര മോഷണങ്ങൾ വീതം നടന്നു ;

(സി) ഈ ഒരോ മതസ്ഥരുടേയും ആരാധനാലയങ്ങളിലെ മോഷണങ്ങൾ വഴി എന്തു തുകയ്ക്കുള്ള നഷ്ടമുണ്ടായിട്ടുണ്ട് ;

(ഡി) ഈ കാലത്ത് എത്ര പള്ളികളിൽ വിശുദ്ധ വസ്തുക്കൾ അലങ്കോലപ്പെടുത്തപ്പെട്ടു ;

നക്ഷത്രചിഹ്നമിടാത്ത 149-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly